കെ.എസ്.എ.പി.റ്റി.എ പി11/627/2019 തീയതി : 17/08/2019

# പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | പി.കെ. ജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.07.2019 മുതൽ 23.07.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.സി.അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി. നായർ , ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മണിയാർ രാധാകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി സ്വപ്ന സൂസൻ ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.തോമസ് കെ.ഇ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.അജേഷ് | 01.04.2018മുതൽ 31.03.2019 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി സാലി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീമതി എസ്.ജ്യോതി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രാജപുഷ്പം | 01.04.2018 മുതൽ 25.07.18 വരെ |
| | ശ്രീമതി ബീന എബ്രഹാം | 26.07.2018 മുതൽ 14.09.18 വരെ |
| | ശ്രീ.ശ്രീകുമാർ എസ്. | 15.09.18 മുതൽ 02.11.18 വരെ |
| | ശ്രീമതി എ. പ്രവീണ | 03.11.18 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി സിന്ധു കെ.എ, | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. രാജേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വിശ്വ ലക്ഷ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.രമേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.എസ്.ശ്രീകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| | ഡോ. മേരി ജോൺ | 01.04.18 മുതൽ 31.7.18 വരെ |
| | ഡോ. ബിനു ചിത്ര | 01.08.18 മുതൽ 13.10.18 വരെ |
| | ഡോ. അസിത എ.ജെ | 14.10.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ജിഷ വി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അമ്മിണിക്കുട്ടി | 01/04/18 മുതൽ 19/06/18 വരെ (ദിവസ വേതന നിയമം) |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഓമന ദിലീപ് | 20/06/2018 മുതൽ 31/03/2019 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, വലിയകുളം | ശ്രീ.റജിമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | പ്രഭുലാൽ ആർ എസ് | 01/04/2018 മുതൽ 15/02/2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | അനിയൻ എ.കെ. | 16/02/2019 മുതൽ 31 /03/2019 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം – 1 : പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതിയുടെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | നിർവഹണ ഉദ്യോഗസ്ഥർ വർഷാവസാനം രസീത് ബുക്കുകൾ തിരിച്ചേൽപ്പിക്കുന്നില്ല | 2-1 |
| 14 | ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു | 2-2 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-3 |
| 16 | സ്ഥാപനതൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-4 |
| 17 | കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-5 |
| 18 | റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ ഇവയെ ലൈസൻസ് ഫീസ്, തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | 2-6 |
| 19 | ഓഡിറ്റോറിയം- വാടകക്കാരിൽ നിന്ന് ഡെപ്പോസിറ്റ് സ്വീകരിക്കുകയോ കരാർ ചമയ്ക്കുകയോ ചെയ്യുന്നില്ല | 2-7 |
| 20 | നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായുള്ള ഇ ടെണ്ടർ- ടെണ്ടർ ഫീ കുറച്ച് ഒടുക്കി | 2-8 |
| 21 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം | 2-9 |
| 22 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-10 |
| | ഭാഗം 3 :ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | ടെണ്ടർ കുറവ് കണക്കാക്കാതെ കരാറുകാരന് അധിക പ്രതിഫലം നൽകി | 3-1 |
| 24 | ദർഘാസ് പരസ്യങ്ങൾ- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചത് 1.21 ലക്ഷം രൂപ | 3-2 |
| 25 | പ്രോജക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 83.62 ലക്ഷം രൂപ | 3-3 |
| 26 | സർക്കാർ ഉത്തരവ് അനുസരിച്ചുള്ള എസ്.എൽ.ഐ വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കുന്നില്ല | 3-4 |
| 27 | പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 14.7ലക്ഷം | 3-5 |

| | | |
|---|---|---|
| 28 | നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു;പ്രതിവർഷ നഷ്ടം 2.99ലക്ഷം രൂപ | 3-6 |
| 29 | ശബരിമല സ്പെഷ്യൽ ഗ്രാന്റ്- ചെലവഴിക്കാതെ ശേഷിക്കുന്നത് 36 ലക്ഷം രൂപ | 3-7 |
| 30 | അസിസ്റ്റന്റ് എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിന് സർക്കാരിന്റെ സാധൂകരണം ലഭ്യമായിട്ടില്ല | 3-8 |
| 31 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 32 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-10 |
| 33 | അറവുശാല നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കുന്നില്ല | 3-11 |
| 34 | വീട് വാസയോഗ്യമാക്കൽ പദ്ധതി ജനറൽ & എസ് സി പി - മുഴുവൻ തുകയും നൽകിയില്ല. | 3-12 |
| 35 | ലൈഫ് ഭവനപദ്ധതി (ജനറൽ) സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിച്ചില്ല | 3-13 |
| 36 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-14 |
| 37 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-15 |
| 38 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല | 3-16 |
| 39 | ജാഗ്രതാസമിതി | 3-17 |
| 40 | റോഡ് സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-കരാറുകാരന് അധിക പ്രതിഫലം നൽകി | 3-18 |
| 41 | കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ - ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തുന്നില്ല | 3-19 |
| 42 | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയതിൽ കുറവ് | 3-20 |
| 43 | പഞ്ചായത്ത് സ്റ്റേഡിയം വോളീബാൾ കോർട്ടും ബാസ്കറ്റ് ബാൾ കോർട്ടും - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-21 |
| 44 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ -മത്സര സ്വഭാവമില്ല | 3-22 |
| 45 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-23 |
| 46 | തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത ഫൈൻ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി - ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 3-24 |
| 47 | എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല - ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-25 |
| | **ഭാഗം 4 : പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| | | |

| | | |
|---|---|---|
| 48 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 51 | വായ്പ - വായ്പാ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 58 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2018-19-ലെ ബജറ്റ് പാസ്സാക്കിയ നം./ തീയ്യതി | 21.03.2018-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 13.02.2019 ലെ 19(1)-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 23063119 | 20687436 | 2375683 |
| വരവ് | 198125215 | 101447288 | 96677927 |
| ആകെ | 221188334 | 122134724 | 99053610 |
| ചെലവ് | 218147294 | 99948795 | 118198499 |
| നീക്കിയിരിപ്പ് | 3041040 | 22185929 | -19144889 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ വ്യതിയാനമുണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്തിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ വിശദമായ ചർച്ചയും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2018 | 17.04.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 10.06.19-12.06.19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 08.07.19-ലെ കെ.എസ്.എ.പി.റ്റി.എ.പി.1/602(30)/2019 നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 20687436 |
| വരവ് | 101447288 |
| ആകെ | 122134724 |
| ചെലവ് | 99948795 |
| നീക്കിബാക്കി | 22185929 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി/ ലാപ്സായ തുക | ചെലവ് (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18427729 | 18427729 | 14922610 | 3505119 | 80.98 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6757000 | 6757000 | 6696790 | 60210 | 99.11 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 404000 | 404000 | 73000 | 331000 | 18.06 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 30432000 | 30432000 | 29114825 | 1317175 | 95.67 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3743000 | 3743000 | 2647232 | 1095768 | 70.72 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9698493 | 9698493 | 7645250 | 2053243 | 78.82 |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്) | 18449765 | 9970877 | 28420642 | 8693142 | 19727500 | |
| നാഷണലൈസ്ഡ് ബാങ്ക് (ഇ പേയ്മെന്റ് അക്കൗണ്ട്) | 457167 | 6964286 | 7421453 | 6744919 | 676534 | |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് - | 1573314 | 18121510 | 19694924 | 18479032 | 1215792 | |
| ട്രഷറി ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 2618 | 5953137 | 59557550 | 5521272 | 434883 | |
| (എംജി.എൻ.ആർ.ഇ.എസ്.) | 2934 | 357150 | 360084 | 358672 | 1412 | |
| കോപ്പറേറ്റീവ് ബാങ്ക്(സാക്ഷരത) | 258 | 12 | 270 | 0 | 270 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 213 | 161 | 52 | 75.59 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 18 | 17621703 | 9791399 | 55.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 4944251 | 3641774 | 73.65 |
| കൃഷി ഓഫീസർ | 8 | 8 | 3265750 | 2089765 | 63.99 |
| വെറ്ററിനറി സർജൻ | 2 | 1 | 1585000 | 632500 | 39.90 |
| വി.ഇ.ഒ. | 15 | 12 | 28498111 | 18186000 | 63.81 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 126 | 89 | 57541014 | 35215062 | 61.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 7692000 | 4826493 | 62.74 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 1480000 | 1410413 | 95.29 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 350000 | 350000 | 100.00 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100.00 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 8 | 7 | 1530000 | 1454749 | 95.08 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 887845 | 887845 | 100.00 |
| ആകെ | 213 | 161 | 125595674 | 78686000 | 62.65 |

<u>പദ്ധതി നിർവ്വഹണത്തിലെ നേട്ടങ്ങളും പോരായ്മകളും</u>

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. 29.05.18ൽ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുവെങ്കിലും നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. മാർച്ച് മാസത്തിലാണ് ഭൂരിഭാഗം ബില്ലുകളും മാറിയിരിക്കുന്നത്.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
3. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ ലക്ഷ്യം പൂർത്തീകരിച്ചില്ല. വകയിരുത്തിയ വികസന ഫണ്ട്/റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ 39.9% മാത്രമാണ് ചെലവഴിക്കാനായത്.
4. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു. പശ്ചാത്തല മേഖലയിൽ 126 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. പ്രോജക്ടുകളുടെ ബാഹുല്യം നിർവഹണത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. വകയിരുത്തിയ തുകയുടെ 61% മാത്രമെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ

5. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

6. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

7. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

8. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിലായി 1.5കോടി രൂപ മുടങ്ങി കിടക്കുന്നു.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2934 | 588250 | 591184 | 589771.5 | | | 1412.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | - | - | വേതനം | വാടക | ആകെ | - |
| | | | | 20178609 | 1528312 | 21706921 | |

# 1-8 സാമൂഹ്യക്ഷേമ പദ്ധതിയുടെ വിവരം

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 214 | 2775200 |
| വാർദ്ധക്യകാല പെൻഷൻ | 1828 | 21984900 |
| വിധവാ പെൻഷൻ | 864 | 10364400 |
| വികലാംഗ പെൻഷൻ | 279 | 3401900 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 27 | 323600 |
| തൊഴിൽ രഹിത വേതനം | 6 | 1016 |

| ക്രമ നം. | പദ്ധതി | 2018-19-ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 8 | 0 |
| 2 | വാർദ്ധക്യകാല പെൻഷൻ | 186 | 162 | 24 |
| 3 | വിധവാ പെൻഷൻ | 21 | 20 | 1 |
| 4 | വികലാംഗ പെൻഷൻ | 22 | 22 | 0 |
| 5 | അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |

ബി) സാമൂഹ്യ സുരക്ഷ പെൻഷനുകൾ – അപേക്ഷ ലഭിച്ച് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | 45 ദിവസത്തിനകം തീരുമാനമെടുത്തവ | 45 ദിവസം മുതൽ ഒരു വർഷം വരെ വൈകിയവ | ഒരു വർഷത്തിനുമേൽ വൈകിയവ |
|---|---|---|---|---|
| 2018- | 239 | 0 | 236 | 3 |

| | | | | |
|---|---|---|---|---|
| 19 | | | | |

പെൻഷൻ അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള സമയക്രമം പാലിച്ച് പെൻഷൻ അനുവദിക്കുന്നതിന് സാധിക്കുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അപേക്ഷകളിൽ സമയബന്ധിതമായി അന്വേഷണം നടത്തി ശുപാർശ സഹിതം തിരികെ നൽകുന്നതിലുണ്ടാകുന്ന കാലതാമസമാണ് ഇതിന് കാരണം. ഇത്തരത്തിൽ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുന്നതിനും പെൻഷൻ ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അനുമതി വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2019 തീയതിയിൽ 11.45 AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3780/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമാണ്. വൗച്ചറുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമാണ്.

2)2019 ജനവരി മുതൽ വർക്ക് ഫ്ലോ ആപ്ലിക്കേഷനായ സൂചിക മുഖേനയുള്ള ഫയൽ ട്രാക്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

**3)** സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

4) 2018-19 വർഷത്തെ പദ്ധതി അംഗീകരിച്ചതിന് ശേഷം പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേരുകയും തൻ വർഷത്തെ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഇതുമൂലം നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ വാങ്ങൽ പ്രവൃത്തികൾ വ്യത്യസ്ഥ സമയത്ത് ടെണ്ടർ ചെയ്യുകയും പരസ്യ ചാർജ് ഇനത്തിൽ വലിയ തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുകയും ചെയ്തു.

5) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ,സമയപരിധി,നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 6/2019 | 3/19 മുതൽ 04/19 വരെ | 10.07.19 |
| 2 | അക്കൗണ്ടൻറ് | 11.2.18-21.02.18 | 2012-13 മുതൽ | 15.03.18 |

| | ജനറലിന്റെ ഓഡിറ്റ് | | 2016-17 വരെ | |
|---|---|---|---|---|

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് വേളയിൽ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1) 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർവഹണ ഉദ്യോഗസ്ഥർ വർഷാവസാനം രസീത് ബുക്കുകൾ തിരിച്ചേൽപ്പിക്കുന്നില്ല

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളിലെ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.38864(34മുതൽ 100 വരെ), ബുക്ക് നം.25890(6 മുതൽ 100 വരെ)). വെറ്ററിനറി സർജന് വിതരണം ചെയ്ത 25894 നമ്പർ രസീത് ബുക്ക് 2018-19 വർഷം ഉപയോഗിക്കുകയോ പഞ്ചായത്തിൽ തിരികെയേല്പിക്കുകയോ ചെയ്യാതെ നിർവ്വഹണോദ്യോഗസ്ഥൻ കൈവശം സൂക്ഷിച്ചിരിക്കുകയായിരുന്നു. ഓഡിറ്റിൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ടപ്പോഴാണ് ടി രസീതു ബുക്ക് തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചത്. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുബുക്കുകളെല്ലാം സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വടശ്ശേരിക്കര ശാഖയിൽ 37058987857 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 69796രൂപ ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയ്ക്കുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം.ൽ നിന്നും ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | ഐ.കെ.എം ട്രാൻസാക്ഷൻ നമ്പർ | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|
| 31.08.2018 | 2189 | 20180852684 | 07.09.2018 |
| 16.11.2018 | 1282 | 20181163405 | 27.11.2018 |
| 09.12.2018 | 4469 | 20181268884 | 18.12.2018 |
| 22.02.2019 | 3456 | 20190287085 | 08.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും ഭീമമായ അന്തരമുണ്ടാകുന്നു. പ്രസ്തുത സാങ്കേതിക പിഴവ് പരിഹരിക്കുന്നതിന് ഭരണതലത്തിൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ

# അവശേഷിക്കുന്നു

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് ,പേഴുംപാറ | രണ്ടാം അർദ്ധവർഷം |
| 2 | പോസ്റ്റ് ഓഫീസ് ,തലച്ചിറ | ഒന്നാം അർദ്ധവർഷം |
| 3 | ബ്ലോക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,വടശ്ശേരിക്കര | രണ്ടാം അർദ്ധവർഷം |
| 4 | സപ്ലൈകോ താലൂക്ക് ഡിപ്പോ | ഒന്നാം അർദ്ധവർഷം |
| 5 | ശബരി ഗ്യാസ് ഏജൻസി | രണ്ടാം അർദ്ധവർഷം |
| 6 | ശ്രീ അയ്യപ്പ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | വിം റോക്ക് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | ഹെവൻലി സ്പ്രിംഗ് അക്വാ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ഡെൽറ്റ അഗ്രിഗേറ്റ്സ് & സാന്റ്സ് പ്രൈ.ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | ആഞ്ഞിലിമൂട്ടിൽ സിമന്റ് ബ്ലോക്ക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 24/22.07.2019) ഈ സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപനതൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സർവീസ് സഹകരണബാങ്ക്, വലിയകുളം | രണ്ടാം അർദ്ധവർഷം |
| 2 | ജില്ലാ സഹകരണബാങ്ക്,വടശ്ശേരിക്കര | രണ്ടാം അർദ്ധവർഷം |
| 3 | ഫെഡറൽ ബാങ്ക്,വടശ്ശേരിക്കര | ഒന്നാം അർദ്ധവർഷം |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ്,വടശ്ശേരിക്കര | രണ്ടാം അർദ്ധവർഷം |
| 5 | മുത്തൂറ്റ് മിനി ഫിനാൻസ്, വടശ്ശേരിക്കര | ഒന്നാം അർദ്ധവർഷം |
| 6 | മണിമുറ്റം ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.24/22.07.2019) ഈ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ.കുര്യൻ.കെ.വർഗ്ഗീസ്
2. ശ്രീ.കെ.എൽ.ഗോപി

3. ശ്രീ.അനൂപ് സോമൻ
4. ശ്രീ.കെ.എസ്.പുരുഷോത്തമൻ
5. ശ്രീ.എം.എ,സാബു
6. ശ്രീ.ബെന്നി.പി.ജെ
7. ശ്രീ.ജി.അനിൽകുമാർ
8. ശ്രീ.വിജു.വി.ആർ
9. ശ്രീ.അബു മുഹമ്മദ് അലി
10. ശ്രീ.അനിയൻകുഞ്ഞ്.വി.വി
11. ശ്രീ.സോജു തോമസ്
12. ശ്രീ.ബൈജു.പി.കെ
13. ശ്രീ.ജി സലിം
14. ശ്രീ.പ്രസാദ്.കെ.എൻ
15. ശ്രീ.അനീഷ് സഖറിയ
16. ശ്രീ.സുനിൽകുമാർ
17. ശ്രീ.നൂറുദ്ദീൻ.പി.ജെ
18. ശ്രീ.സന്ദീപ്.പി
19. ശ്രീ.ഹരികുമാർ.എം.ആർ
20. ശ്രീ.ടി.ഇ.യോഹന്നാൻ
21. ശ്രീ.ഷാജി.വി.ആർ

മേൽപ്പറഞ്ഞ വ്യക്തികൾ സമീപ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 24/22.07.19) പഞ്ചായത്തിൽ കരാർ ജോലികൾ ചെയ്യുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ വ്യക്തികളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ ഇവയെ ലൈസൻസ് ഫീസ്, തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ വ്യാപാരികളെയും (പട്ടികാ-ക്രമ നം 149) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാൽ ഉൽപന്നങ്ങളുടെ സംഭരണം,വിൽപ്പന (പട്ടികാ-ക്രമ നം 132) എന്നിവ നടത്തുന്നതിനും പഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. മേൽ സാഹചര്യത്തിൽ റേഷൻകടകൾ, ക്ഷീര സംഘങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഓഡിറ്റോറിയം- വാടകക്കാരിൽ നിന്ന് ഡെപ്പോസിറ്റ്

## സ്വീകരിക്കുകയോ കരാർ ചമയ്ക്കുകയോ ചെയ്യുന്നില്ല

പഞ്ചായത്തിന്റെ ഓഡിറ്റോറിയം 600/- രൂപ നിരക്കിൽ ദിവസവാടകയ്ക്ക് നൽകുന്നുണ്ട്. എന്നാൽ വാടകക്കാരിൽ നിന്ന് ഡെപ്പോസിറ്റ് തുക ഈടാക്കുകയോ കരാർ ചമയ്ക്കുകയോ ചെയ്യുന്നില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം ഡെപ്പോസിറ്റ് തുക തിരികെ നൽകേണ്ടതുമാണ്.

## 2-8 നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായുള്ള ഇ ടെണ്ടർ- ടെണ്ടർ ഫീ കുറച്ച് ഒടുക്കി

സാധന ഘടകങ്ങൾ ഉൾപ്പെട്ട എൻ.ആർ.ഇ.ജി പ്രവൃത്തിക്കുവേണ്ടി നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി ഇ ടെണ്ടർ ക്ഷണിച്ചതിന് ടെണ്ടർ സമർപ്പിച്ച കരാറുകാർ ടെണ്ടർ ഫീ കുറച്ച് ഒടുക്കി.

ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് പ്രകാരം ടെണ്ടർ ഫീ പുതുക്കി നിശ്ചയിച്ചത് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ). 10 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ഫീസ് 2500 രൂപയാണ്. 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ജില്ലാ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കുന്നതിനാണ് നിർദ്ദേശമുണ്ടായിരുന്നത്. അക്രഡിറ്റഡ് എഞ്ചിനിയർ മുഖേന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ച 35 ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം, പേങ്ങോട്ട് കടവ് പള്ളിക്ക മുരുപ്പ് റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവത്തികൾക്ക് ആവശ്യമായ നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കെടുക്കുന്ന ഓരോ കരാറുകാരനും ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ഒടുക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ടെണ്ടറിന്റെ വിവരം | ടെണ്ടർ തുറന്ന തീയതി | പങ്കെടുത്ത കരാറുകാർ | ടെണ്ടർ ഫീ+ജി.എസ്.ടി | | |
|---|---|---|---|---|---|
| | | | ഒടുക്കേണ്ടത് | ഒടുക്കിയത് | കുറവ് |
| അങ്കണവാടിക്ക്നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യൽ<br>അടങ്കൽ: 596680 | 11-06-18 | കുര്യൻ.കെ വർഗ്ഗീസ് | 1193+143 | 1000 | 336 |
| | | അനൂപ് സോമൻ | 1193+143 | 1000 | 336 |
| ആകെ | | | 2672 | 2000 | 672 |

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ ടെണ്ടർ ഫീ അടച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താതെ ടെണ്ടർ സ്വീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. കുറവായി ഒടുക്കിയ ടെണ്ടർ ഫീയും ജി.എസ്.ടിയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ അക്രഡിറ്റഡ് എഞ്ചിനിയറുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള പ്രസ്തുത തുക തിരികെ ഈടാക്കി ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്കും ജി.എസ്.ടി സർക്കാർ ഫണ്ടിലേക്കും ഒടുക്കേണ്ടതാണ്.

## 2-9 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പ്രസ്തുത അക്കൗണ്ട് തുടങ്ങിയിട്ടില്ല. 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16മുതൽ 2018-19 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | വാറ്റ് / ജി.എസ്.ടി | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 2015-16 & 2016-17 | 12 | 76850 | 3843 | 0 | 80693 |
| 2017-18 | 11 | 66452 | 7972 | 0 | 74424 |
| 2018- | 17 | 105288 | 12734 | 0 | 118022 |

| | | | | | |
|---|---|---|---|---|---|
| 19 | | | | | |
| ആകെ | 40 | 248590 | 24549 | 0 | 273139 |

2016-17 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. കൂടാതെ വാറ്റ്/ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ തുകയും തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് ഒടുക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (09/12-07-19) മറുപടിയ്ക്കായി അസി.എഞ്ചിനിയർമേൽ വിവരം ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാത്തതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യുകയും വാറ്റ്/ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്.

## 2-10 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12-07-19) മറുപടി ലഭ്യമാക്കിയില്ല. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർ കുറവ് കണക്കാക്കാതെ കരാറുകാരന് അധിക പ്രതിഫലം നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പേഴുംപാറ പള്ളിപ്പടി പുളിക്കൽ പടി ഞൊണ്ടപ്ലാക്കൽ പടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും(103/18, 198/19) |
| അടങ്കൽ | 498000(MG.Road) |
| കരാറുകാരൻ | അനീഷ് സക്കറിയ |
| ഫൈനൽ ബിൽ തുക | 361384/- |
| ബിൽ നം./ തീയതി | 83/18-19/20-03-19 |

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ഫൈനൽ ബിൽ തുക കണക്കാക്കി നൽകിയതിനാൽ അർഹമായതിലും അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം ആവിഷ്കരിച്ച് 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് കരാറുകാർ ടെണ്ടർ സമർപ്പിച്ചു. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.568% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.അനീഷ് സക്കറിയയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 30-10-2017 ൽ അസി. എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏറ്റെടുത്തു. പ്രവൃത്തിയുടെ കാലാവധി ആറു മാസമായിരുന്നു. 29-04-18 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രസ്തുത പ്രവൃത്തി 25-02-19 ലാണ് പൂർത്തീകരിച്ചത്. 2018-19 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയ ടി പ്രവൃത്തിക്ക് കാലാവധി ദീർഘിപ്പിച്ചു നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈനൽ ബിൽ തുകയിൽ നിന്നും ഫൈൻ ഇനത്തിൽ 18069 രൂപ കുറവ് ചെയ്തിട്ടുണ്ട്.

20 മീറ്റർ നീളത്തിൽ 2.25 മീറ്റർ ഉയരത്തിൽ 36.675 ച:മീറ്റർ സംരക്ഷണഭിത്തി കെട്ടുന്നതിനും 92 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ സംരക്ഷണഭിത്തി ചെയ്യാതെ റോഡ് കോൺക്രീറ്റിംഗ് മാത്രം നടത്തിയതിന് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുകയാണ്. സംരക്ഷണഭിത്തി ചെയ്യാത്തതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെടുകയോ അസി.എഞ്ചിനിയർ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് അസി. എഞ്ചിനിയർ നൽകിയ മറുപടിയിൽ എസ്റ്റിമേറ്റ് 2017-18 ൽ എടുത്തതാണെന്നും നിർവ്വഹണം നടത്തിയ സമയത്ത് റോഡിന് ടി നീളത്തിലും ഉയരത്തിലും സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ട ആവശ്യം ഇല്ലാതായതായും നിലവിലുള്ള ഉയരത്തിന് സംരക്ഷണ ഭിത്തിയുടെ ആവശ്യം ഇല്ലെന്നും അറിയിച്ചു. നിർമ്മാണം നടത്തേണ്ട സൈറ്റിൽ വേണ്ട പരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നുള്ള കാര്യം അസി.എഞ്ചിനിയറുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. ആവശ്യമില്ലാത്ത ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക വകയിരുത്തുകയും നിർമ്മാണ സമയത്ത് ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിനും കുറ്റമറ്റ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വികസന സ്റ്റാന്റിംഗ് കമ്മിറ്റി കർശന നിർദ്ദേശം സാങ്കേതിക വിഭാഗത്തിന് നൽകുകയും ഭരണ സമിതി വേണ്ട തീരുമാനം കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

78/18-19ാം നമ്പർ അളവ് പുസ്തക പ്രകാരം 361384/- രൂപ പ്രവൃത്തിമൂല്ല്യം കണക്കാക്കി നിയമ പ്രകാരമുള്ള നികുതികൾ കുറച്ച് കരാറുകാരന് 328859/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിമൂല്ല്യത്തുക | 361384 |
| (-)ആദായ നികുതി | 3614 |
| (-) ക്ഷേമനിധി | 3614 |
| (-)SGST | 3614 |
| (-)CGST | 3614 |
| (-) ഫൈൻ | 18069 |
| കരാറുകാരന് നൽകിയ തുക | 328859 |

എഗ്രിമെന്റ് ഷെഡ്യൂൾ അനുസരിച്ച് പ്രവൃത്തിമൂല്ല്യത്തിൽ നിന്നും 20.568% ടെണ്ടർ കുറവ്, അതായത് 74329 രൂപ കുറവ് ചെയ്യാതെയാണ് കരാറുകാരന് അർഹതപ്പെട്ട തുക കണക്കാക്കിയത്. ഫൈനൽ ബിൽ തുക കണക്കാക്കിയതിലുള്ള വീഴ്ച മൂലം കരാറുകാരന് അധിക പ്രതിഫലം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/19-07-19) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. അധികമായി കൈപ്പറ്റിയ തുക കരാറുകാരൻ അടവാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-2 ദർഘാസ് പരസ്യങ്ങൾ- പദ്ധതി മാർഗ്ഗരേഖയ്ക്ക്

# വിരുദ്ധമായി ചെലവഴിച്ചത് 1.21 ലക്ഷം രൂപ

2018-19 സാമ്പത്തിക വർഷം വിവിധ ദർഘാസ് പരസ്യങ്ങൾക്കായി 271845 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. ഇതിൽ 76913 രൂപ 2017-18 വർഷത്തെ പ്രോജക്ടുകൾ പരസ്യം ചെയ്തതിന്റെ ചെലവാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പ്രസിദ്ധീകരിച്ച തീയതി | തുക | ബിൽ നം/ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1 | മലയാള മനോരമ | 26.11.17 | 14448 | 58605/- 27-6/6/18 |
| | | 30.11.17 | 5147 | |
| | | 7.1.18 | 10836 | |
| | | 10.2.18 | 7721 | |
| | | 17.2.18 | 14448 | |
| | | 24.2.18 | 6005 | |
| 2 | മാതൃഭൂമി | 09-02-2018 | 9828 | 28308/ 27 -19/02/2018 |
| | | 15.2.18 | 10080 | |
| | | 21.2.18 | 8400 | |
| 3 | മലയാള മനോരമ | 7/1/18 | 10836 | 25520/ 83/22.8.18 |
| | | 23/5/18 | 7342 | |
| | | 7/7/18 | 7342 | |
| 4 | മലയാള മനോരമ | 5/8/18 | 5506 | 114/17.10.18 |
| 5 | മാതൃഭൂമി | 6/6/18 | 10080 | 110860/25.10.18 |
| 6 | മാതൃഭൂമി | 7/7/18 | 10080 | 83/22.8.18 |
| 7 | മാതൃഭൂമി | 7/8/18 | 8064 | 14112/- 114/17.10.18 |
| 8 | മാതൃഭൂമി | 9/9/18 | 6048 | |
| 9 | മാധ്യമം | 6/6/18 | 2520 | |
| 10 | മാധ്യമം | 29/9/18 | 2940 | |
| 11 | മാതൃഭൂമി | 7/10/18, 29.9.18 | 10712 | 11807/6.2.19 |
| 12 | മലയാള മനോരമ | 8/9/18 | 5506 | 33182/ 11807/6.2.19 |
| | | 28.9.18 | 21252 | |
| | | 27.10.18 | 6424 | |
| 13 | മലയാള മനോരമ | 23.1.19 | 9660 | 111822/22.2.19 |
| 14 | മാതൃഭൂമി | 4/1/19 | 5040 | |
| | | 24/1/19 | 7056 | |
| 15 | വീക്ഷണം | 2/12/18 | 8500 | |
| | മലയാള മനോരമ | 1/12/18 | 15456 | 111843/13.3.19 |
| | | 6/12/18 | 6424 | |
| | മാതൃഭൂമി | 28/10/18 | 7056 | |
| | | 2/12/18 | 11088 | |
| | ആകെ | | 271845 | |

**1) നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായി അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു**

2018-19 വർഷത്തെ പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ) അനുസരിച്ച് പദ്ധതി രൂപീകരണത്തിന് 3 ലക്ഷം രൂപയും (ആകെ വികസന ഫണ്ടിന്റെ 2% എന്ന പരിധിക്ക് വിധേയമായി) പദ്ധതി നിർവ്വഹണ/മോണിട്ടറിംഗ് ചെലവുകൾക്കായി 1.5 ലക്ഷം രൂപയും ഉപയോഗിക്കാം. പരമാവധി തുക

കണക്കാക്കിയാൽ പോലും 1.5 ലക്ഷം രൂപ മാത്രമേ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ ദർഘാസ് പരസ്യങ്ങൾക്കായി ചെലവഴിക്കുവാൻ സാധിക്കൂ. 2018-19 വർഷം പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി പ്രോജക്ട് ആവിഷ്കരിച്ച് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | | ദർഘാസ് പരസ്യത്തിനായി ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ | |
| 4/19 | 270000 | 30000 | 300000 | 268685 | 27964 | 296649 | 194932 |

പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിച്ച 194932 രൂപയ്ക്ക് പുറമേ തനത് ഫണ്ടിൽ നിന്നും 86913 രൂപയും ഉൾപ്പടെ ആകെ 271845 രൂപ ദർഘാസ് പരസ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുകയ്ക്ക് ഉപരിയായി ചെലവഴിച്ച 121845 രൂപ (271845-150000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2)പ്രോജക്ട് തുക വകമാറ്റി ചെലവഴിച്ചത് 76913 രൂപ**

2018-19 വർഷത്തെ പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും 76913 രൂപ 2017-18 വർഷത്തെ പ്രോജക്ടുകൾ ടെണ്ടർ ചെയ്യുന്നതിനുള്ള പരസ്യ ചാർജ് ആണ്. 2017-18 വർഷം തൻ വർഷത്തെ ദർഘാസ് പരസ്യങ്ങൾക്കായി 176207 രൂപ ചെലവഴിച്ചതിനു പുറമേയാണ് 2018-19 വർഷം 76913 രൂപ കൂടി ചെലവഴിച്ചത്. ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3) മാനദണ്ഡങ്ങൾ പാലിക്കാതെ പത്രപ്പരസ്യം നൽകുന്നു**

പത്രപ്പരസ്യം നൽകുന്നതിന് യാതൊരു മാനദണ്ഡവും പാലിക്കുന്നില്ല. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങലുകൾക്കായി പ്രത്യേകം പരസ്യം ചെയ്യുന്നു. ഒരു പ്രോജക്ടിന്റെ നിർവ്വഹണത്തിന് മാത്രമായി പരസ്യം നൽകിയിട്ടുണ്ട്. കൂടാതെ തുടർച്ചയായ ദിവസങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള പരസ്യം നൽകൽ അധികചെലവിന് കാരണമായി. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി പൊതുമരാമത്ത് പ്രവൃത്തികളുടെയും വാങ്ങൽ പ്രവൃത്തികളുടെയും ദർഘാസ് പരസ്യങ്ങൾ ഒരുമിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുടർച്ചയായ ദിവസങ്ങളിലെ പരസ്യങ്ങൾ ഒഴിവാക്കി ഒറ്റത്തവണയായി പരസ്യം നൽകുന്നതിലൂടെയും വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ദർഘാസ് പരസ്യങ്ങൾ ഒരുമിച്ച് നൽകുന്നതിലൂടെയും അധിക ചെലവ് ഒഴിവാക്കാവുന്നതാണ്. ടി വിഷയത്തിൽ അനുയോജ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# 3-3 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 83.62 ലക്ഷം രൂപ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് സർക്കാർഉദ്ദേശിച്ചിരിക്കുന്നത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിലും, പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി മാറ്റുന്നതിലും വീഴ്ചവന്നത് മൂലം തൻ വർഷം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനത്തിൽ അനുവദിച്ച തുകയിൽ 83.62 ലക്ഷം രൂപ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ അനുവദിച്ച തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 18427729 | 14922610 | 3505119 |
| വികസന ഫണ്ട് | 6757000 | 6696790 | 60210 |

| | | | |
|---|---|---|---|
| (എസ്.സി.പി) | | | |
| വികസനഫണ്ട് (ടി.എസ്.പി) | 404000 | 73000 | 331000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 30432000 | 29114825 | 1317175 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3743000 | 2647232 | 1095768 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9698493 | 7645250 | 2053243 |
| ആകെ | | | 8362515 |

അതത് വർഷങ്ങളിൽ നിർവ്വഹണം ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കുവാൻ കഴിയാതെ സ്പിൽ ഓവറാകുന്ന പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം അടുത്ത വർഷം സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും 2018-19 വർഷം ക്യാരിഓവർ വിഹിതമായി തുകയൊന്നും ലഭിച്ചില്ല. 2017-18 വർഷം നിർവ്വഹണം പൂർത്തിയാകാതെ സ്പിൽ ഓവറായ പ്രോജക്ടുകൾക്കും ട്രഷറി ക്യൂവിൽപ്പെട്ട ബില്ലുകളും 2018-19 വർഷത്തെ വിഹിതം ഉപയോഗിച്ചാണ് തുക നൽകിയത്. ഇതുമൂലം 2018-19 വർഷം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതും നിർവ്വഹണം പൂർത്തിയായതുമായ പ്രോജക്ടുകളുടെ ബില്ലുകൾ മാറാൻ കഴിയാതെ വരുകയും ചെയ്തിട്ടുണ്ട്. എന്നാൽ വികസന ഫണ്ട്(എസ്.സി.പി) 99% ചെലവഴിക്കാനായത് നേട്ടമായി.

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 83.62 ലക്ഷം രൂപ നഷ്ടമായത് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സർക്കാർ ഉത്തരവ് അനുസരിച്ചുള്ള എസ്.എൽ.ഐ വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ 04/10/16 ലെ ജി.ഒ(പി)149/2016/ഫിൻ ഉത്തരവ് പ്രകാരം പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ ഒടുക്കേണ്ട ഏറ്റവും കുറഞ്ഞ എസ്.എൽ.ഐ പ്രീമിയം തുക സർക്കാർ നിശ്ചയിച്ചിരുന്നു. 01/01/2017 പ്രാബല്യത്തിൽ ഈ ഉത്തരവ് നിലവിൽ വന്നുവെങ്കിലും ഗ്രാമ പഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും ഇപ്പോഴും കുറഞ്ഞ നിരക്കിലാണ് എസ്.എൽ.ഐ പ്രീമിയം ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട കുറഞ്ഞ പ്രീമിയം | | ഈടാക്കുന്ന ത് |
|---|---|---|---|---|
| | | അടിസ്ഥാന ശമ്പള പരിധി | പ്രീമിയം | |
| ശ്രീ. പ്രശാന്ത് കുമാർ, അക്കൗണ്ടന്റ് | 34800 | 18000-35699 | 300 | 250 |
| ശ്രീ.അജിത് കുമാർ, ഹെഡ് ക്ലാർക്ക് | 34800 | 18000-35699 | 300 | 200 |
| ശ്രീ.എം.ബി. ഷൈലജ, ക്ലാർക്ക് | 26500 | 18000-35699 | 300 | 250 |
| ശ്രീമതി ലതാ കുമാരി | 16500 | 16000-17999 | 200 | നാളിതുവരെ ഈടാക്കിയിട്ടില്ല |

സർക്കാർ നിർദ്ദേശ പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അധിക പോളിസികൾ എടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (15/16.7.19)

മറുപടിയായി പുതുക്കിയ നിരക്കിലുള്ള എസ്.എൽ.ഐ പ്രീമിയം തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 14.7ലക്ഷം

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 280ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1470000/ രൂപയാണ് 2018-19 വർഷം ഒടുക്കിയത്. വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. 2018-19ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 22/2018/ തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.69കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുകയും ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭണസമിതി ക്രീയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു;പ്രതിവർഷ നഷ്ടം 2.99ലക്ഷം രൂപ

തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 120125 രൂപയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷം തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി വടശ്ശേരിക്കര സെക്ഷൻ ഓഫീസിൽ 583000 (ചെക്ക് നം. 1161917/07.10.2013) രൂപയും കെ.എസ്.ഇ.ബി റാന്നി സെക്ഷൻ ഓഫീസിൽ 31800 (ഡി.ഡി.നം-694386/17.12.2013) രൂപയും ഒടുക്കിയിരുന്നു. എന്നാൽ ബില്ലുകൾ പരിശോധിച്ചതിൽ 21 മീറ്ററുകളുടെ വൈദ്യുതചാർജ്ജും അൺമീറ്റേർഡ് എന്നു കാണിച്ച് 86057 രൂപ സ്ഥിരമായും ഈടാക്കുന്നുണ്ട്. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ അൺമീറ്റേർഡ് ലൈറ്റുകളുടെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് |
|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 216 | 14256 |
| ഓർഡിനറി ബൾബ് | 60 | 85 | 8670 |
| ഓർഡിനറി ബൾബ് | 100 | 12 | 2004 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 183 | 12078 |
| ഫ്ലൂറസെന്റ് ട്യൂബ് | 80 | 188 | 25192 |
| | | | |

| | | | |
|---|---|---|---|
| ഫ്ലൂറസെന്റ് ട്യൂബ് | 250 | 13 | 5811 |
| മെർക്കുറിക് വേപ്പർ ലാംപ് | 250 | 2 | 180 |
| സി.എഫ്.എൽ | 22 | 536 | 17152 |
| ആകെ | | | 86057 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 2 വർഷമായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. പകരം, ഫ്ലൂറസെന്റ് ട്യൂബ്, എൽ.ഇ.ഡി വിളക്കുകൾ, സോളാർ ലൈറ്റുകൾ എന്നിവയാണ് വാങ്ങിയിട്ടുള്ളത്. 2018-19 വർഷം വാങ്ങിയ ഊർജ ഉപഭോഗം ഏറ്റവും കുറഞ്ഞ 850 എൽ.ഇ.ഡി ലൈറ്റുകളും കെ.എസ്.ഇ.ബിയുടെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുള്ളതാണ്. ഇല്ലാത്ത 313വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 24930 രൂപയാണ്. അതായത് പ്രതിവർഷം 299160രൂപ നഷ്ടപ്പെടുന്നു.

മീറ്റർ സ്ഥാപിക്കുന്നതിനായി 614800 രൂപ നൽകി 6 വർഷങ്ങൾക്ക് ശേഷവും 21 മീറ്ററുകൾ മാത്രമാണ് സ്ഥാപിക്കപ്പെട്ടത്. ഇതിൻമേൽ തുടർ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ഇതുമൂലം വൈദ്യുതി ഉപയോഗിക്കാതെ തന്നെ ചാർജ് ഇനത്തിൽ ലക്ഷങ്ങൾ പ്രതിവർഷം നഷ്ടമാകുന്നു. ഈ വിഷയം തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ശബരിമല സ്പെഷ്യൽ ഗ്രാന്റ്- ചെലവഴിക്കാതെ ശേഷിക്കുന്നത് 36 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-4പ്രകാരം ശബരിമല ഗ്രാന്റിനത്തിൽ 3600014 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2011-12 | - | 1500000 | 1500000 | 332856 | 1167144 |
| 2012-13 | 1167144 | 1500000 | 2667144 | 2518944 | 148200 |
| 2013-14 | 148200 | 1500000 | 1648200 | 1164053 | 484147 |
| 2014-15 | 484147 | 1500000 | 1984147 | 1378421 | 605726 |
| 2015-16 | 605726 | 2000000 | 2605726 | 861181 | 1744545 |
| 2016-17 | 1744545 | 2000000 | 3744545 | 1831368 | 1913177 |
| 2017-18 | 1913177 | 3500000 | 5413177 | 1588226 | 3824951 |
| 2018-19 | 3824951 | 3500000 | 7324951 | 3724937 | 3600014 |

2018-19 സാമ്പത്തിക വർഷം ശബരിമല ഫണ്ട് വകയിരുത്തി 10 പ്രോജക്ടുകൾക്കായി 3724937 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനായിട്ടാണ് ഗവൺമെന്റ് എല്ലാ വർഷവും സ്പെഷ്യൽ ഗ്രാന്റിനത്തിൽ തീർത്ഥാടനവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നത്. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തീർത്ഥാടകർക്ക് മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അനുവദിക്കുന്ന തുക ടി ആവശ്യങ്ങൾക്കായാണ് ഉപയോഗപ്പെടുത്തുന്നത് എന്നത് ഉറപ്പാക്കുന്നതിനായി മണ്ഡലകാലം ആരംഭിക്കുന്നതിന് മുൻപായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

# 3-8 അസിസ്റ്റന്റ് എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിന് സർക്കാരിന്റെ സാധൂകരണം ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീമതി.അമ്മിണിക്കുട്ടി 28/02/19ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറായ ശ്രീ.ശ്രീജിത്തിന് പഞ്ചായത്തിന്റെ ചുമതല നൽകിയിരുന്നു. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ നിയമിക്കണമെന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ അടിസ്ഥാനത്തിൽ എൻജിനീയറെ നിയമിക്കുന്നതിനും പിന്നീട് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങാനും നിർദ്ദേശിച്ചിരുന്നു (എ3/15/ഇ.ഇ/എൽ.എസ്.ജി.ഡി തീ.8/3/18).എൽ.എസ്.ജി.ഡി സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസിൽ നിർദ്ദേശിച്ചപ്രകാരമാണ് ഇതെന്ന് കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിരമിച്ച അസിസ്റ്റന്റ് എൻജിനീയറെ തന്നെ പ്രതിമാസം 30,000 രൂപ ശമ്പളത്തിൽ 10/3/18 മുതൽ 19/6/18 വരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. വേതനം ഇനത്തിൽ 99328 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-9 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

**1. തുടർസാക്ഷരത പ്രവർത്തനങ്ങൾ**

| | |
|---|---|
| പ്രോജക്ട് നം./പേര് | S0009/19 തുടർസാക്ഷരത പ്രവർത്തനങ്ങൾ |
| അടങ്കൽ | 50000(വികസന ഫണ്ട്-പൊതു) |
| ചെലവ് | 36200<br>ബിൽ നം.8/18-19 -27.02.2019 തുക.17500<br>ബിൽ നം.9/18-19 -13.03.2019 തുക.18700 |

ബിൽ നം..8/18-19 പ്രകാരം ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ് പഠനത്തിനായി 17500/- (2500*7) രൂപയും 9/18-19 പ്രകാരം പത്താം തരം തുല്യതാപരീക്ഷയ്ക്കായി 3700/- രൂപയും (1850*2) ഹയർസെക്കണ്ടറി തുല്യതാപരീക്ഷയ്ക്കായി 15000/- രൂപയും (2500*6) സാക്ഷരതാമിഷനിലേക്ക് നൽകിയിട്ടുണ്ട്. ടി അപേക്ഷകരെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/19.07.2019) അപേക്ഷകരുടെ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി അപേക്ഷകർ മേൽപ്പറഞ്ഞ കോഴ്സുകളിൽ പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയതിനുശേഷം ആയതിന്റെ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**2. 5,6,7,8 ക്ലാസ്സിലെ കുട്ടികൾക്ക് മേശ, കസേര**

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0034/19 5,6,7,8 ക്ലാസ്സിലെ കുട്ടികൾക്ക് മേശ, കസേര |
| അടങ്കൽ | 250000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 246606<br>ബിൽ നം.4/18-19 - 25.10.2018 |

ടി പദ്ധതിയ്ക്കായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പുന:ക്രമീകരിച്ച് 20.10.2018 ലെ 11(1)-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട് . പുന:ക്രമീകരിച്ച ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ

അന്വേഷണക്കുറിപ്പിന് (നം.17/19.07.2019) താഴെപ്പറയുന്ന അപേക്ഷകർ ഉൾപ്പെട്ട ടി ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | വാർഡ് നം. | ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|---|---|---|
| 1 | അഭിമോൻ.കെ.ബി | 3 | 13 | ഫെബിൻ ബിജു | 12 |
| 2 | അരുണ രതീഷ് | 3 | 14 | റിമാ രാജൻ | 12 |
| 3 | ശ്രീലക്ഷ്മി.വി | 3 | 15 | മോഹിഷ് മോഹൻ | 12 |
| 4 | അബി.എ.ബി. | 5 | 16 | നന്ദന സുരേഷ് | 12 |
| 5 | പ്രണവ്.റ്റി.പി | 5 | 17 | ശ്രുതി സുരേഷ് | 13 |
| 6 | അഷ്ജിയ അശ്വിൻ | 8 | 18 | ഗ്രീഷ്മ ഗിരീഷ് | 13 |
| 7 | ആർച്ച.എസ്. | 8 | 19 | ആകർഷ് ബിജു | 13 |
| 8 | ശ്രീഹരി.ഡി. | 9 | 20 | ശ്യാം ദേവ് .ആർ | 14 |
| 9 | ശ്രീരാജ്.ആർ | 9 | 21 | ഷൈൻ.എസ് | 15 |
| 10 | സൂസന്ന | 9 | 22 | രഞ്ജിത്ത് കുമാർ.എസ് | 15 |
| 11 | സിജോ.എം.എസ് | 9 | 23 | ആദിക് ശിവ .എം.എസ് | |
| 12 | കാർത്തിക്.ഡി | 11 | | | |

ബന്ധപ്പെട്ട വാർഡിലെ ഗ്രാമസഭകൾ ടി ഗുണഭോക്താക്കളെ അംഗീകരിച്ച് തീരുമാനം എടുക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ ഗ്രാമസഭകൾ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആനുകൂല്യം ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | S0024/19 പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 500000(വികസന ഫണ്ട്-പൊതു) 500000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 485745(വികസന ഫണ്ട്-പൊതു) 500000(ജില്ലാ പഞ്ചായത്ത് വിഹിതം) |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, വടശ്ശേരിക്കര) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം രോഗികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 250000 രൂപ, ട്രഷറി ചെക്ക് നം. 178089/16.11.2018 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ട്രാൻസ്ഫർ ക്രെഡിറ്റായി നൽകിയിട്ടുണ്ട്. നിലവിൽ 115028രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ശയ്യാവലംബികളായ രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-11 അറവുശാല നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കുന്നില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 13.02.2019 ലെ തീരുമാനം 2 പ്രകാരം 2019-20 വർഷം അംഗീകൃത കശാപ്പുശാലകളിൽ നിന്ന് കശാപ്പുചെയ്തുകൊണ്ടുവരുന്ന മൃഗങ്ങളുടെ ഇറച്ചി സ്റ്റാളിൽ വിൽക്കുന്നതിനുള്ള അവകാശം ലേലം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. 2018-19 വർഷം ടി ലേലം വഴി പഞ്ചായത്തിന്

373000/- രൂപ ലഭിച്ചിരുന്നു. ബഹു.ഹൈക്കോടതി വിധി (കേസ് നം.ഡബ്ല.പി.(സി) നം.12245/2018 ) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ മാംസവ്യാപാരത്തിന് അനുമതി നൽകുന്നതിനു മുൻപായി അംഗീകൃത അറവുശാലകൾ സ്ഥാപിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ നിയമപരമായ ബാധ്യതയാണെന്നും കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം അംഗീകൃത അറവുശാലകൾ സ്ഥാപിക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മാംസവ്യാപാരത്തിന് ലൈസൻസ് നൽകുന്നതിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിലക്കിയിരിക്കുകയാണെന്നും പറഞ്ഞിരിക്കുന്നതിനാലും , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.12.2018 ലെ ജി 1-4642/18(1) കത്തിൽ ടി വിധിയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതിനാലുമാണ് പഞ്ചായത്ത് കമ്മറ്റി ഇത്തരത്തിൽ തീരുമാനമെടുത്തത്. എന്നാൽ ടി വിധിയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് അംഗീകൃത അറവുശാല നിർമ്മാണത്തിനായി പഞ്ചായത്ത് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഈ വിഷയത്തിൽ അധികൃതർ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-12 വീട് വാസയോഗ്യമാക്കൽ പദ്ധതി ജനറൽ & എസ് സി പി - മുഴുവൻ തുകയും നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ പദ്ധതി (ജനറൽ & എസ് സി പി)

പ്രോജക്ട് നം - ജനറൽ - 27/19, എസ് സി പി - 42/19

അടങ്കൽ - ജനറൽ 36000040(വികസന ഫണ്ട് - 3300000, തനത് ഫണ്ട് -300000),

എസ് സി പി - 750000 (വികസന ഫണ്ട് )

ചെലവ് - ജനറൽ -3520000,

എസ് സി പി- 675000

2018-19വർഷം വീട് വാസയോഗ്യമാക്കൽപദ്ധതി(ജനറൽ & എസ് സി പി) നടപ്പാക്കുന്നതിനായി പ്രോജക്ട് നം 27/19, 42/19 എന്നിവ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ടി പദ്ധതികൾ പ്രകാരം ജനറൽ വിഭാഗത്തിൽ - 89, പട്ടികജാതി വിഭാഗത്തിൽ -14 ഗുണഭോക്താക്കളും എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഇതിൽ ജനറൽ 87, എസ് സി പി -13എണ്ണം ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ അവശേഷിക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് 20000 രൂപ വീതവും പട്ടികജാതി വിഭാഗത്തിലെ ഒരു ഗുണഭോക്തതാവിന് 25000രൂപയും നൽകേണ്ടതുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പേര്/ അഡ്രസ് | നൽകിയ തുക (അഡ്വാൻസ്) | നൽകാൻ അവശേഷിക്കുന്ന തുക | ബാങ്ക്/ അക്കൗണ്ട് നം |
|---|---|---|---|---|
| 1 | കൊച്ചുമോൻ പി ജി, പുത്തൻ പറമ്പ്, വടശ്ശേരിക്കര. | 20000 | 20000 | ഫെഡറൽ ബാങ്ക്, വടശ്ശേരിക്കര. 12070100177004 |
| 2 | ഗോപിനാഥൻ നായർ, സോമിമഠത്തിൽ, വടശ്ശേരിക്കര. | 20000 | 20000 | എസ് ബി ഐ, വടശ്ശേരിക്കര. 57066175508 |
| 3 | ശാന്തമ്മ ശശി, | 25000 | 25000 | കേരള ഗ്രാമീൺ |

| | | | | |
|---|---|---|---|---|
| | കൈതക്കാമണ്ണിൽ, മണിയാർ | | | ബാങ്ക്, വടശ്ശേരിക്കര. 40313100200234 |

പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ലൈഫ് ഭവനപദ്ധതി (ജനറൽ) സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ടിന്റെ പേര് - ലൈഫ് ഭവനപദ്ധതി (വ്യക്തിഗതം - ജനറൽ)

പ്രൊജക്ട് നം - 39/19

അടങ്കൽ - 18805928

ചെലവ് - 10840000

ലൈഫ് ഭവനപദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 28 പേർക്ക് 40000 രൂപ വീതം നൽകിയിട്ടുണ്ട്. ഇതിൽ ദീപാ മോൾ, കെ വി, ചരിവുകാലായിൽ, കുമ്പളാംപൊയ്ക എന്ന വ്യക്തി നിർദിഷ്ട കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടില്ല. ടി ഗുണഭോക്താവ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 2019 മാർച്ച് 31 ന മുൻപായി വീട് നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുമെന്നുള്ള കരാറിലേർപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അഡ്വാൻസ് തുകയായ 40000 രൂപ ടിയാളുടെ ഫെഡറൽ ബാങ്ക് അക്കൗണ്ട് നം 12070100134229 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടിയാൾക്ക് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറക്ക് ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം അഡ്വാൻസ് തുകയായ 40000 രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 3-14 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 28 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 28 |
| ചുറ്റുമതിൽ ഉള്ളവ | 11 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 24 |
| കുടിവെള്ളം ലഭ്യമായവ | 12 |

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 11/2018 ത.സ്വ.ഭ.വ, തീയതി.29.01.2018 ഖ-7-8.2. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക്

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

# 3-15 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടക്കുന്നില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-16 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011- തീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 28 അങ്കണവാടികളും ഫിറ്റ്നെസ്സ് ഉറപ്പാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും എല്ലാ കെട്ടിടങ്ങളും ഫിറ്റ്നെസ്സ് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-17 ജാഗ്രതാസമിതി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ 21-03-2018 ന ശേഷം ജാഗ്രതാസമിതി ഒരു യോഗം പോലും ചേർന്നിട്ടില്ല. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-18 റോഡ് സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചില്ല- കരാറുകാരന് അധിക പ്രതിഫലം നൽകി

| | |
|---|---|
| പ്രവൃത്തിയുടെ | കൊമ്പനോലി പള്ളിപ്പടി ആലയിൽപ്പടി റോഡ് |

| | |
|---|---|
| പേര് | സംരക്ഷണഭിത്തി നിർമ്മാണവും കലുങ്ക് നിർമ്മാണവും(130/18, 202/19) |
| അടങ്കൽ: | 976000 |
| ടെണ്ടർ തുക | 798117.90 |
| കരാറുകാരൻ | അനൂപ് സോമൻ |
| എം.ബുക്ക് നം | 75/AE/VDAGP/17-18 |
| ബിൽ നം./ തീയതി | 5/18-19/29-05-18 |
| ഫൈനൽ ബിൽ തുക | 667798 |

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ റോഡ് സംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി നടത്തിയ ഡി.ആർ കെട്ടിന്റെയും കലുങ്ക് നിർമ്മാണത്തിന്റെയും ഫൗണ്ടേഷനു വേണ്ടി കുഴിച്ചെടുത്ത മണ്ണ് സംരക്ഷണ ഭിത്തിയുടെ സൈഡ് ഫില്ലിംഗിനായി കരുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗിന് ഉപയോഗിച്ചില്ല.

ടി പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു. പ്രസ്തുത മണ്ണ് റോഡിൽ നിരത്തിയതായിട്ട് എഞ്ചിനിയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്.

| | |
|---|---|
| ഇനം.1 DSR 2.6.1<br>Earth work excavation by machanical means(hydraulic excavation).......<br>Abutmment, wingwall | 12.96m3<br>Ltd. To 11.881m3 |
| ഇനം.2 DSR 2.8.1<br>Earth work excavation by machanical means(hydraulic excavation).......<br>Abutmment, wingwall & retaining wall | 58.704m3 |
| ആകെ | 70.585m3 |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 14 ാം ഇനമായി ഡി.ആർ കെട്ട് സൈഡ് ഫില്ലിംഗിനായി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫില്ലിംഗിന് ആവശ്യമായ മണ്ണ് കണക്കാക്കിയതിൽ നിന്നും ഫൗണ്ടേഷനു വേണ്ടി കുഴിച്ചെടുത്ത മണ്ണ് കുറയ്ക്കാതെയാണ് ഫൈനൽ ബിൽ പ്രകാരം തുക നൽകിയത്. തന്മൂലം കരാറുകാരന് അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| കുഴിച്ചെടുത്ത മണ്ണിന്റെ അളവ്, നിരക്ക്, പ്രതിഫലം | കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് | | അധികം നൽകിയ തുക |
|---|---|---|---|
| | അളവ്, നിരക്ക്, പ്രതിഫലം | അർഹമായ അളവ്, നിരക്ക്, പ്രതിഫലം | |
| 11.881m3 @155/m3 = 1841.56 | 99.75 m3<br>(-)consolidation 20%, 19.95 | 70.585m3- 54m3 =<br>(-)16.585m3 | 13192 |

| | | | |
|---|---|---|---|
| 58.704M3@204.6 = 12010.84 | = 79.8m3 Ltd.to 54m3 @ 244.3/m3 = 13192.20 | 0m3 @244.3/m3 = 0 | |

നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ച മൂലം കരാറുകാരന് 13192രൂപ അധിക പ്രതിഫലം നൽകിയതിന് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/22-07-19) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. സൈറ്റിൽ ലഭ്യമായിട്ടുള്ള മണ്ണ് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗിന് ഉൾപ്പെടുത്താതിരുന്നത് എസ്റ്റിമേറ്റ് എടുത്ത അസി.എഞ്ചിനിയറുടെയും ആയതിന് സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനിയറുടെയും ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. എസ്റ്റിമേറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് സാങ്കേതിക വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരൻ ടി തുക അടക്കാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ - ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 ൽ ആവിഷ്കരിച്ച് 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് ലംപ്സമായി തുക വകയിരുത്തിയിരിന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | സാങ്കേതികാനുമതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | മൃഗാശുപത്രിക്ക് ലാബ് കെട്ടിടം, സംരക്ഷണ ഭിത്തി നിർമ്മാണം (S0230/18,218/19) | 395000 (MG R) | 95776/17-18(1)/11-01-19(റിവൈസ്ഡ് എസ്റ്റിമേറ്റ്) അസി.എക്സി. എഞ്ചിനിയർ,എൽ.എസ്.ജി.ഡി, റാന്നി ബ്ലോക്ക്പഞ്ചായത്ത് | 384559 |
| 2. | പേഴും പാറ 52ാം നം. കെട്ടിട നിർമ്മാണം (S0214/18, 212/19) | 500000(Central Fund) 700000(Own Fund) ആകെ - 1200000 | 95816/2017-18/28-02-19 (റിവൈസ്ഡ് എസ്റ്റിമേറ്റ്) അസി.എക്സി. എഞ്ചിനിയർ,എൽ.എസ്.ജി.ഡി, റാന്നി ബ്ലോക്ക് പഞ്ചായത്ത് | 978695 |

പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സം ആയി വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യുകയാണ് വേണ്ടത്. തുകയ്ക്ക് പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. തുകയ്ക്ക് നുസൃതമായി ഭാഗീകമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക

വകയിരുത്തിയിരുന്നില്ല. പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായാണ് സാങ്കേതികാനുമതി നല്കിയിട്ടുള്ളത് . ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/23-07-19) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇലക്ട്രിഫിക്കേഷനു വേണ്ടി തുടർ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

# 3-20 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയതിൽ കുറവ്

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയതിൽ ബാരലിന്റെ എണ്ണം കണക്കാക്കിയതിലുള്ള പിശക് മൂലം യഥാർത്ഥത്തിൽ കുറവ് ചെയ്യേണ്ടതിനേക്കാൾ കുറഞ്ഞതുകയാണ് കുറവ് ചെയ്തത്. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ / കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഉപയോഗിച്ച പായ്ക്കഡ് ബിറ്റുമിന്റെ എണ്ണത്തിന് അനുസരിച്ച് കാലി ബാരൽ വില കുറവ് ചെയ്യണമായിരുന്നു. ബാരലിന്റെ എണ്ണം കണക്കാക്കിയതിലെ പിശക് മൂലം ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | കാലി ബാരലിന്റെ എണ്ണം | ബാരൽ വില @238/E | | | ബിൽ നം./ തീയതി തുക |
|---|---|---|---|---|---|---|
| | | | ഈടാക്കേണ്ടിയിരുന്നതുക | ഈടാക്കിയ തുക | കുറവ് | |
| 1. | മടുക്കമൂട് വാവോലിക്കണ്ടം റോഡ് വീതി കൂട്ടലും റീടാറിംഗും(65/18, 199/19) കൺവീനർ -ജോർജ്ജ് ഫിലിപ്പ് | 16 | 16x238= 3808 | 11x238= 2618 | 1190 | 102/17-18 /31-03-18 245370/- 11/18-19/24-05-18 247767/- |
| 2. | ജണ്ട ആനക്കുട്ടുങ്കൽ പള്ളിപ്പടി റോഡ് റീടാറിംഗ്(131/18,203/19) കൺവീനർ - അബുമുഹമ്മദ് അലി | 50 | 50x238= 11900 | 44x238= 10472 | 1428 | 08/18-19/29-05-18 930333/- |
| | ആകെ | | | | 2618 | |

ടി നഷ്ടം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-07-19) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും പ്രസ്തുത തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. കരാറുകാർ തുക അടവാക്കാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനിയറുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും

# 3-21 പഞ്ചായത്ത് സ്റ്റേഡിയം വോളീബാൾ കോർട്ടും ബാസ്ക്കറ്റ് ബാൾ കോർട്ടും - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ആവിഷ്ക്കരിച്ച പഞ്ചായത്ത് സ്റ്റേഡിയം വോളീബാൾ കോർട്ടും ബാസ്ക്കറ്റ് ബാൾ കോർട്ടും എന്ന പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച്

സ്റ്റേഡിയത്തിന്റെ സംരക്ഷണഭിത്തി മാത്രമായി നടപ്പാക്കി.

ഗ്രാമപഞ്ചായത്തിലുള്ള കുട്ടികളുടെയും യുവതീ യുവാക്കളുടെയും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് വക സ്റ്റേഡിയത്തിൽ വോളീബാൾ കോർട്ടും ബാസ്കറ്റ് ബാൾ കോർട്ടും നിർമ്മിക്കുന്നതിനായിരുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആയതിന് തനത് ഫണ്ടിനത്തിൽ 500000/- രൂപ വകയിരുത്തി ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചിരുന്നു. കോർട്ടുകളുടെ നിർമ്മാണത്തിന് പകരം സ്റ്റേഡിയത്തിന്റെ സംരക്ഷണഭിത്തി ചെയ്യുന്നതിനാണ് അസി.എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിന് സാങ്കേതികാനുമതിയും ലഭ്യമാക്കി.

ഇ - ടെണ്ടർ ചെയ്ത ടി പ്രവൃത്തിക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. കെ.എൽ.ഗോപിയുടെ ടെണ്ടർ അംഗീകരിച്ച് ടിയാൻ എഗ്രിമെൻറ് വച്ച് പ്രവൃത്തി നടപ്പാക്കി. നികുതികൾ ഉൾപ്പെടെ 419301/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ചെക്ക് നം.111829/26-02-19 തുക 402529/-, ചെക്ക് നം.2705834/26-02-19 തുക 16772/-)

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തിന് അനുസൃതമായിട്ടാണോ സാങ്കേതിക വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്താത്തതാണ് മേൽ അപാകതയ്ക്ക് കാരണം. മേൽ പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അസി.എഞ്ചിനിയറോട് വിശദീകരണം ആരാഞ്ഞുവെങ്കിലും മറുപടി നൽകിയതായി കാണുന്നില്ല. ആസൂത്രണത്തിലുണ്ടായ വീഴ്ച്ച മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-22 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ -മത്സര സ്വഭാവമില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന ( ഇ ടെണ്ടർ അല്ലാതെ) നടപ്പാക്കാൻ ഉദ്ദേശിച്ച മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ച ഭൂരിപക്ഷം പ്രവൃത്തികളിലും രണ്ട് പേർ മാത്രം പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിലും ടെണ്ടർ സമർപ്പിക്കുന്ന ഒരു രീതി അവലംബിച്ചിട്ടുള്ളത് കരാറുകാരുടെ ഇത്തരത്തിലുള്ള ഒത്തുകളിമൂലം ടെണ്ടർ നടപടിയിലെ മത്സര സ്വഭാവം നഷ്ടപ്പെടുകയും ടെണ്ടർ കുറവിലൂടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട സേവിംഗ്സ് നഷ്ടപ്പെടുകയും ചെയ്യുന്നു.

എന്നാൽ തൻവർഷം തന്നെ ഇ - ടെണ്ടർ ക്ഷണിച്ച പ്രവർത്തികൾക്ക് രണ്ടിൽ കൂടുതൽ കരാറുകാർ പങ്കെടുക്കുകയും ടെണ്ടർ സേവിംഗ്സ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം മാന്വൽ ടെണ്ടർ ക്ഷണിച്ച് 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രവൃത്തികൾക്കും ടെണ്ടർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 മാന്വൽ ടെണ്ടർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| പള്ളിക്കൽ പടി തമ്പുരാൻ കുന്ന് കുട്ടിമുരുപ്പേൽ റോഡ് പുനരുദ്ധാരണം(92/19)<br>അടങ്കൽ : 404627 | കുര്യൻ.കെ.വർഗ്ഗീസ് - എസ്റ്റിമേറ്റ് നിരക്ക്<br>അനിയൻകുഞ്ഞ്.വി.വി - 5%> എസ്റ്റിമേറ്റ് നിരക്ക് |
| മർക്കോസ് പടി കടക്കലേത്ത് പടി ലിങ്ക് റോഡ് പുനരുദ്ധാരണം(104/19)<br>അടങ്കൽ : 350000 | കുര്യൻ.കെ.വർഗ്ഗീസ് - 2%>എസ്റ്റിമേറ്റ് നിരക്ക്<br>അനിയൻകുഞ്ഞ്.വി.വി - എസ്റ്റിമേറ്റ് നിരക്ക് |
| പള്ളിക്ക മുരുപ്പ് തോന്മമണ്ണിൽപ്പടി പമ്പയാർറോഡ് പുനരുദ്ധാരണം(100/19)<br>അടങ്കൽ : 252000 | അനീഷ് സക്കറിയ- എസ്റ്റിമേറ്റ് നിരക്ക്<br>അബുമുഹമ്മദ് അലി - 3%>എസ്റ്റിമേറ്റ് നിരക്ക് |

2018-19 സ്പിൽ ഓവർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| പേഴുംപാറ പള്ളിപ്പടി പുളിക്കൽ പടി ഞൊണ്ടപ്ലാക്കൽ പടി റോഡ് പുനരുദ്ധാരണം(103/18, 198/19)<br>അടങ്കൽ : 498000 | വിജു.വി.ആർ - 15.582% <എസ്റ്റിമേറ്റ് നിരക്ക്<br>പി,കെ.കമലാസനൻ - 17.2% <എസ്റ്റിമേറ്റ് നിരക്ക്<br>അനീഷ് സക്കറിയ – 20.568% <എസ്റ്റിമേറ്റ് നിരക്ക്<br>കെ.എസ്.ഗോപിനാഥൻനായർ -13.11%<എസ്റ്റിമേറ്റ് നിരക്ക് |
| കല്ലറുമ്പിൽപ്പടി രക്ഷാസൈന്യം റോഡ് പ പുനരുദ്ധാരണം(118/18, 200/19)<br>അടങ്കൽ : 495000 | ഷാജി.വി.ആർ- 12.511% <എസ്റ്റിമേറ്റ് നിരക്ക്<br>കെ.എൽ.ഗോപി - 15.1% <എസ്റ്റിമേറ്റ് നിരക്ക്<br>അനൂപ് സോമൻ - 9.9% <എസ്റ്റിമേറ്റ് നിരക്ക്<br>എം.എ.സാബു- 15.2% <എസ്റ്റിമേറ്റ് നിരക്ക് |

ഇ- ടെണ്ടർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| ഫ്രണ്ട് ഓഫീസ് കെട്ടിടം(232/18, 220/19)<br>അടങ്കൽ : 945000 | കുര്യൻ.കെ.വർഗ്ഗീസ് - 772237.33<br>വിജു.വി.ആർ - 818299.71 |
| പേഴുംപാറ 52-ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം(214/18, 212/19)<br>അടങ്കൽ : 1200000 | കുര്യൻ.കെ.വർഗ്ഗീസ് - 1098806.61<br>വിജു.വി.ആർ - 1058938.49 |
| പട്ടിക വർഗ്ഗ കോളനികളിൽ സംരക്ഷമഭിത്തി നിർമ്മാണം(160/19)<br>അടങ്കൽ : 1027000 | ജിനു.പി.ജയിംസ് - 891974.3<br>ബന്നി.പി.ജെ - 829060.22 |

05-10-2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ.(പി)524/2015/ധനം/17-11-18 പ്രകാരം എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. 5 ലക്ഷത്തിൽ താഴെ 50000 രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളും ഭരണസമിതി തീരുമാനം കൈക്കൊണ്ട് ഇ - ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിക്കുന്ന തുക മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ കഴിയുമായിരുന്നു. എല്ലാ പ്രവൃത്തികളും ഇ - ടെണ്ടറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണ സമിതി തീരുമാനം കൈക്കൊള്ളേണ്ടതാണ്.ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും വേണ്ട നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

## 3-23 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ

ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്യുയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്

# 3-24 തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത ഫൈൻ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി - ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് ഫൈനൽ ബിൽ പ്രകാരം ഈടാക്കിയ ഫൈൻ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നു. ഫൈൻ തനത് വരുമാനമാണെന്നുള്ള കാര്യം പരിഗണിക്കാതെ പ്രസ്തുത തുക തെറ്റായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തി. സെക്രട്ടറിയുടെ ക്രമ വിരുദ്ധമായ നടപടി മൂലം ഗ്രാമ പഞ്ചായത്തിന് ലഭിച്ച തനത് വരുമാനം നഷ്ടപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഫൈനൽ ബിൽ തുക<br>ബിൽ നം./ തീയതി | ഈടാക്കിയ ഫൈൻ |
|---|---|---|---|
| 1 | പള്ളിക്കമുരുപ്പ് തോമ്പുമണ്ണിൽപ്പടി പമ്പയാർ റോഡ് പുനരുദ്ധാരണം (100/19) | 249472/-<br>81/18-19/27-03-19 | 7484 |

| | | | |
|---|---|---|---|
| 2 | പേഴപാറ പള്ളിപ്പടി പുളികികൽ പടി ഞൊണ്ടപ്ലാക്കൽ പടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും (198/19) | 83/18-19/27-03-19<br>തുക 361384/- | 18069 |
| 3 | ഇടക്കളം ബി.എഡ് കോളജ് പാരൂർ പള്ളിക്കൽ പടി റോഡ് പുനരുദ്ധാരണം(135/19) | 83/18-19/24-11-18<br>തുക 246012/- | 5899 |
| 4 | കെ.എസ്.എൽ.പി സ്കൂൾ പുനരുദ്ധാരണം (98/19) | 80/18-19/27-03-19<br>തുക 248911/- | 7467 |
| | ആകെ | | 38919/- |

ടി ക്രമ വിരുദ്ധമായ നടപടി സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-07-19) ലഭ്യമാക്കിയ മറുപടിയിൽ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നുള്ള ഫൈൻ പഞ്ചായത്തിന്റെ വരുമാനമാണ് എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്/സർക്കുലർ നാളിതുവരെ ആരും ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലെന്ന് സെക്രട്ടറി അറിയിച്ചു. ഗ്രാമ പഞ്ചായത്തിനുണ്ടായ ടി 38919 രൂപയുടെ നഷ്ടം തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 3-25 എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല - ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാരൻ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തിക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന കരാറുകാരന് തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക<br>ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | ചെറുകാവ് ഒളിക്കല്ല് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(194/19)<br>കരാറുകാരൻ: കെ.എൽ.ഗോപി | 12-10-17 | 30-10-17 | 827432/-<br>03/18-19/<br>29-05-18 | 9659 |

| | PAC തുക : 965851 | | | | |
|---|---|---|---|---|---|

പിഴ ചുമത്താതെ ടി കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/22-07-19) ലഭ്യമാക്കിയ മറുപടിയിൽ ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാരൻ തുക ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2721984 | 1.ലൈഫ് ഭവന നിർമ്മാണ പദ്ധതി,<br>(ജനറൽ), 39/19<br>2.ലൈഫ് ഭവന നിർമ്മാണ പദ്ധതി,<br>(എസ് സി പി), 40/19 | 2506934 | 215050 |
| ജില്ലാ പഞ്ചായത്ത് | 797025 | ലൈഫ് ഭവന നിർമ്മാണ പദ്ധതി, (ജനറൽ), 39/19 | 797025 | 0 |
| ജില്ലാ പഞ്ചായത്ത് | 194133 | ലൈഫ് ഭവന നിർമ്മാണ പദ്ധതി,<br>(എസ് സി പി), 40/19 | 0 | 194133 |
| ജില്ലാ പഞ്ചായത്ത് | 500000 | പാലിയേറ്റീവ് കെയർ പദ്ധതി,<br>24/19 | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | അംഗനവാടി - പോഷകാഹാരം<br>03/19 | 200000 | |
| ജില്ലാ പഞ്ചായത്ത് | 1339995 | സുഫലം - 241/19, 242/19 | 1339995 | 0 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ചത് | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 110868/24-10-18 | 5713 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ, 24/18 | 110885/26-11-18 | 16048 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21800784/ 18-12-18 | 2406964 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21801106/ 26-02-19 | 1183304 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21801159/ 20-03-19 | 241158 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ ഡബ്ളിയു എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21800699/ 22-11-18 | 319870 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ ഡബ്ളിയു എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21800722/ 24-11-19 | 858310 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ ഡബ്ളിയു എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21800789/ 21-12-18 | 862178 | - | പൂർത്തീകരിച്ചിട്ടില്ല | - |
| കെ ഡബ്ളിയു എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 16/!9 | വൗച്ചർ നം 21801160/ 21-03-19 | 508194 | - | പൂർത്തീകരിച്ചിട്ടില്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (i)വായ്പ/വായ്പാ തിരിച്ചടവ്

| ക്രമ നം. | 2018-19 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| 1 | K.U.R.D.F.C മുഖേന സർക്കാർ ലഭ്യമാക്കിയ വായ്പ തുക) 4077241 | ലൈഫ് ഭവന നിർമ്മാണം | 4077241 | 0 | 27 ഭവനങ്ങൾ നിർമ്മിച്ചു. |

<u>(ii) വായ്പ തിരിച്ചടവിന്റെ വിവരം</u>

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക |
|---|---|---|---|---|
| ഇല്ല | | | | |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| ഇല്ല | | | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2007-08 | 3-16(1) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനസഹായ വിതരണമേഖലകളിൽകൃത്രിമം കാണിച്ചു. | VC/3/13/ PTAനമ്പർ കേസ് നിലനിൽക്കുന്നു. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 122134724 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99948795 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87521 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 121845 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 74329 | ശ്രീമതി ഓമന ദിലീപ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-18 | | 13192 | ശ്രീമതി ഓമന ദിലീപ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 87521 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | **121845** | ശ്രീമതി.എസ്.ജ്യോതി, സെക്രട്ടറി |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജ്യോതി എസ്, സെക്രട്ടറി | സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് | ശ്രീലക്ഷ്മി, മങ്ങാരം(പി.ഒ), കോന്നി |
| ശ്രീമതി ഓമന ദിലീപ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, വടശ്ശേരിക്കര | ബ്ലോക്ക് നമ്പർ 91, എഴിക്കാട്, കുറിച്ചിമുട്ടം, ഇടയാറൻമുള |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 6/1039/2011തീയതി 25-11-2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/747/2008തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/651/1997തീയതി 09-10-2000 | 1 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/748/2008തീയതി 11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/534/98തീയതി 26-02-2009 | മറുപടി സമർപ്പിക്കാത്തതിനാൽ അദാലത്തിൽ പരിഗണിച്ചില്ല |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 3/575/1999തീയതി 02-02-2000 | മറുപടി സമർപ്പിക്കാത്തതിനാൽ അദാലത്തിൽ പരിഗണിച്ചില്ല |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/462/2009തീയതി 11-05-2010/ 04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/213/2000തീയതി 14-11-2000 | 18 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/751/2009തീയതി 11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/243/2003തീയതി 03-02-2003 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/446/2005തീയതി 01-10-2005 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 4/648/2008തീയതി 14-01-2005 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/247/2008തീയതി 30-06-2009 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി 4/447/2005തീയതി 17-12-2008 | |

| | | |
|---|---|---|
| (ചെലവ്) | | |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 4/649/2003തീയതി 14-01-2005 | മറുപടി സമർപ്പിക്കാത്തതിനാൽ അദാലത്തിൽ പരിഗണിച്ചില്ല |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/248/2008തീയതി 31-07-2009 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/405/2007തീയതി 26-03-2008 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി 8/249/2008തീയതി 30-06-2009 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി 5/754/2008തീയതി 07-02-2010 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/755/2008തീയതി 07-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 8/23/2011തീയതി 07-01-2008 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 8/24/2011തീയതി 08--01-2013 | 17 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ-പി 6/97/2013തീയതി 09-05-13 | 20 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/1151/2014തീയതി 20-03-2015/ 31-07-15 | 11 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 11/1151/16തീയതി 05-06-2016 | 7 |
| 2015-16 | എൽ.എഫ്.പി.റ്റി.എ-പി 6/975/2016തീയതി 30-08-2016 | 10 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി 11/676/2017തീയതി 31-03-2018 | 32 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-11/1526/2018 തീയതി 11.12.2018 | എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു. |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/627/2019 തീയതി : 17/08/2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P11/627/2019 Dated : 17/08/2019

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Vadasserikkara Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vadasserikkara Gramma Panchayat** for the year 2018-19 except the obeservations in my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**